# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

18.12.2014ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 4809

## ചകിരിക്ഷാമം പരിഹരിക്കാൻ നടപടി

| ചോദ്യം<br>ശ്രീ. ജി.സുധാകരൻ | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പമന്ത്രി) |
|---|---|
| (എ) കയർ മേഖലയിലെ കടുത്ത ചകിരി ക്ഷാമം മൂലം കയർ സഹകരണ സംഘങ്ങൾക്കും ചെറുകിട ഉല്പാദകർക്കും നഷ്ടം സംഭവിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടി ട്ടുണ്ടോ; | (എ) കയർ മേഖലയ്ക്കാവശ്യമായ ചകിരിയുടെ ദൗർലഭ്യവും ചകിരിയുടെ അടിക്കടിയുള്ള വില വർദ്ധനവും സംഘങ്ങളുടേയും ചെറുകിട ഉല്പാദകരുടേയും ഉല്പാദന പ്രവർത്തനങ്ങളെ ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) സബ്സിഡി നിരക്കിൽ ചകിരി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) കയർ സഹകരണ സംഘങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും സബ്സിഡി നിരക്കിൽ ചകിരി വിതരണം ചെയ്യുന്നതിനായി സർക്കാർ കയർഫെഡിനെ ചുമതല പ്പെടുത്തുകയും ഈ ആവശ്യത്തി ലേക്കായി 2013-14 വർഷം 4,86,20,000/- രൂപ കയർഫെഡിന് അനുവദിക്കു കയും ചെയ്തു. കയർഫെഡ് 2013 നവംബർ മുതൽ 2014 മെയ് വരെയും തുടർന്ന് ആഗസ്റ്റ് സെപ്റ്റംബർ മാസ ങ്ങളിലും ഇപ്രകാരം സബ്സിഡി നിരക്കിൽ ചകിരി വിതരണം ചെയ്തിട്ടുണ്ട്. |
| (സി) സബ്സിഡി നിരക്കിൽ ചകിരി വിതരണം ചെയ്യാൻ കയർഫെഡിനെ ചുമതലപ്പെടുത്തിയിട്ടു ണ്ടോ; ഉണ്ടെങ്കിൽ 2012-13, 2013-14, 2014-15 നവംബർ വരെ | (സി) സബ്സിഡി നിരക്കിൽ ചകിരി വിതരണം ചെയ്യാൻ കയർഫെഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കയർഫെഡ് വഴി സബ്സിഡി |

<table>
<tr>
<td>ഓരോ വർഷവും എന്തു വിലയുള്ള എത്ര ക്വിൻ്റൽ ചകിരി കയർഫെഡ് വഴി വിതരണം ചെയ്തുവെന്ന് വ്യക്തമാക്കാമോ;</td>
<td>നിരക്കിൽ വിതരണം ചെയ്ത ചകിരിയുടെ വിവരം ചുവടെ ചേർക്കുന്നു.
<table>
<tr><th>വർഷം</th><th>തൂക്കം (ക്വിന്റൽ)</th><th>വില (രൂപ)</th></tr>
<tr><td>2012-13</td><td>വിതരണം ഇല്ല</td><td>---</td></tr>
<tr><td>2013-14</td><td>26,693.79</td><td>7,30,29,202</td></tr>
<tr><td>2014-15 (സെപ്റ്റംബർ വരെ)</td><td>33,105.38</td><td>9,11,40,708</td></tr>
</table>
</td>
</tr>
<tr>
<td>(ഡി) ചകിരി ക്ഷാമം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?</td>
<td>(ഡി) കയർ പൊതുമേഖലാ സ്ഥാപനങ്ങൾക്കും കയർ സഹകരണ സംഘങ്ങൾക്കും സബ്സിഡി നിരക്കിൽ ചകിരി ലഭ്യമാക്കാൻ കയർഫെഡിന് 4,86,20,000/ രൂപ 2013-14ൽ അനുവദിച്ചു. ചകിരിക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ച, ദിവസവും 3000-4000 തൊണ്ട് ചകിരിയാക്കാൻ കഴിയുന്ന മിനി ഡീഫൈബറിംഗ് മെഷീനുകൾ കയർ മേഖലയിൽ വിതരണം ചെയ്തിട്ടുണ്ട്.<br><br>സഹകരണ മേഖലയിലെ ഡീഫൈബറിംഗ് സൊസൈറ്റികൾക്ക് വലിയ ഡീഫൈബിറിംഗ് മെഷീനുകൾ സ്ഥാപിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും ധനസഹായം നൽകി വരുന്നുണ്ട്. മാത്രമല്ല, തൊണ്ട് സംഭരണം ശക്തമാക്കുന്നതിന് കയർ സംഘങ്ങളെ ഉൾപ്പെടുത്തിയും ഇൻസെന്റീവുകൾ വർദ്ധിപ്പിച്ച് തൊണ്ട് സംഭരണ പദ്ധതി പരിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുള്ള പദ്ധതിയിൽ കാര്യമായ മാറ്റങ്ങൾ വരുത്തിയുള്ള ഒരു പുതിയ പദ്ധതി ആവിഷ്ക്കരിച്ചു നടപ്പാക്കാനുള്ള ഒരു പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.</td>
</tr>
</table>

| | |
|---|---|
| | നാളികേര വികസന ബോർഡുമായി - ട്ടുള്ള 90,90,000/- രൂപയുടെ പ്രൊപ്പോസലിന് സർക്കാർ അംഗീകാരം നൽകിക്കഴിഞ്ഞു. ഉണക്കത്തൊണ്ടും പച്ചത്തൊണ്ടും ചതച്ച് ചകിരിയാക്കാൻ കഴിയുന്ന പുതിയൊരു ഡീഫൈബറിംഗ് മെഷീൻ NCRMI വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇത് സർക്കാർ നിയന്ത്രണത്തിലുള്ള കയർ മെഷീനറി ഫാക്ടറിയിലൂടെ ഉല്പാദിപ്പിച്ച് കയർ മേഖലയ്ക്ക് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ